*പൊതു വിദ്യാഭ്യാസ*
*ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കണ്ടറി വിഭാഗം,*
*ഹൗസിങ് ബോർഡ്*
*ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

*No. ICT Cell/1771/1/DGE_HSS/2020* *12/11/2020*

# സർക്കുലർ

**വിഷയം: പ്ലസ്‌വൺ പ്രവേശനം : മെരിറ്റ് വേക്കൻസി സീറ്റുകളിലെ അഡ്മിഷൻ - പ്രിൻസിപ്പൾമാർക്കുള്ള നിർദ്ദേശങ്ങൾ**

വിവിധ അലോട്ട്മെൻറുകളിൽ അപേക്ഷിച്ചിട്ടും നാളിതുവരെ പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ പ്രസിദ്ധപ്പെടുത്തിയ വേക്കൻസിയിൽ പ്രവേശനം നേടുന്നതിനായി അപേക്ഷ സമർപ്പിക്കാൻ നവംബർ 12 ന് വൈകിട്ട് 5 മണി വരെ സമയം അനുവദിച്ചിരുന്നു.

ഇത്തരത്തിൽ ഓൺലൈനായി സമർപ്പിച്ച അപേക്ഷകൾ കേന്ദ്രീകൃതമായി പരിഗണിച്ച് മെരിറ്റ് അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറക്കി അഡ്മിഷൻ വെബ്സൈറ്റിൽ **നവംബർ 13 ന് രാവിലെ 9 മണിക്ക്** പ്രസിദ്ധീകരിക്കുന്നതാണ്.അഡ്മിഷൻ ലഭിക്കാൻ കൂടുതൽ സാധ്യതയുള്ള സ്കൂൾ/കോഴ്സ്,റാങ്ക്ലിസ്റ്റിലൂടെ മനസ്സിലാക്കി അപേക്ഷകർ രക്ഷകർത്താക്കളോടൊപ്പം പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന സ്കൂളിൽ **2020 നവംബർ 13 ന് രാവിലെ 10 മണിമുതൽ 12 മണിക്കു മുമ്പായി വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന രണ്ട് പേജുള്ള CANDIDATE'S RANK റിപ്പോർട്ട് (പ്രിൻറൗട്ട് ഹാജരാക്കാൻ പറ്റാത്തവർക്ക് സ്കൂളധികൃതർ പ്രിൻറ് എടുത്ത് നൽകേണ്ടതാണ്.) , യോഗ്യതാ സർട്ടിഫിക്കറ്റ് , വിടുതൽ സർട്ടിഫിക്കറ്റ് , സ്വഭാവ സർട്ടിഫിക്കറ്റ് ,അപേക്ഷയിൽ ബോണസ് പോയിൻറ് ലഭിക്കുന്നതിന് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയവയുടെ അസ്സൽ രേഖകളും ഫീസുമായി പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നതാണ്. പ്രവേശനത്തിന് വേണ്ടുന്ന എല്ലാ രേഖകളുടേയും അസ്സൽ ഉണ്ടെന്ന് ഉറപ്പാക്കി അവരുടെ രജിസ്ട്രേഷൻ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ രേഖപ്പെടുത്തി പ്രിൻസിപ്പൽമാർ സൂക്ഷിക്കേണ്ടതാണ്. ഇത്തരത്തിൽ ഹാജരാകുന്ന വിദ്യാർത്ഥികളുടെ യോഗ്യതാ മെരിറ്റ് മാനദണ്ഡങ്ങൾ അഡ്മിൻ യൂസറിൻെറ**

ലോഗിനിൽ ലഭ്യമാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിന്റെ സഹായത്തോടെ ഉറപ്പാക്കി പ്രസിദ്ധപ്പെടുത്തിയ വേക്കൻസിക്ക് തുല്യമായ സീറ്റുകളിൽ അതത് പ്രിൻസിപ്പൽമാർ അന്നേ ദിവസം 12 മണിക്ക് ശേഷം ഉച്ചയ്ക്ക് 1 മണിക്കുള്ളിൽ പ്രവേശനം നടത്തേണ്ടതാണ്. വിദ്യാർഥികൾക്ക് സ്കൂളിൽ രേഖകൾ നൽകാൻ അനുവദിച്ചിട്ടുള്ള 2020 നവംബർ 13 –ാം തീയതി 12 മണി സമയത്തിന് മുൻപ് അഡ്മിഷൻ തുടങ്ങാൻ പാടുള്ളതല്ല. ഇത്തരത്തിൽ നൽകുന്ന അഡ്മിഷനുമായി ബന്ധപ്പെട്ട് യാതൊരു പരാതികളും ഉണ്ടാകാതിരിക്കാൻ പ്രിൻസിപ്പൾമാർ ശ്രദ്ധിക്കേണ്ടതാണ്. ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തുകയാണെങ്കിൽ അത്തരം പ്രിൻസിപ്പൽമാർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

വേക്കൻസി സീറ്റുകളിൽ പ്രവേശനം നൽകുന്ന വിദ്യാർത്ഥികളുടെ ജോയിനിംഗ് വിവരങ്ങൾ **HITC** യൂസറിൽ ലഭ്യമാകുന്ന **Joining Details Entry** ലിങ്കിലൂടെ 2020 നവംബർ 13 ന് വൈകിട്ട് 4 മണിയ്ക്ക് മുമ്പായിത്തന്നെ രേഖപ്പെടുത്തേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഇൻ–ചാർജ്ജ്)

## ANNEXURE

## Registration Form for Vacant Seat Admission on 13/11/2020

| Sl.No | Application No | Name of Applicant | Reporting Time | Signature of Applicant | Signature of Parent |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

**Name & Dated Signature of Principal :**

**Office Seal**